## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3975 | 21.10.2016-ൽ മറുപടിയ്ക്ക് |
|---|---|

**സാമൂഹികക്ഷേമ പെൻഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ സാമൂഹികക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കെല്ലാം പെൻഷൻ വിതരണം നടത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ വിതരണം നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇനി ഏകദേശം എത്ര ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകാനുണ്ടെന്ന് അറിയിയ്ക്കുമോ; | (ബി) & (സി) | ബാധകമല്ല |
| (സി) | പെൻഷൻ വിതരണം യഥാസമയം നടത്താൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; | | |
| (ഡി) | പെൻഷൻ വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർവ്വെ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ യഥാസമയം പൂർത്തിയാക്കാൻ കഴിയാത്തത് എന്തുകൊണ്ട്? | (ഡി) | പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് കുടുംബശ്രീ പ്രവർത്തകർ മുഖേന സർവ്വേ നടത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വേ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ